
പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ പൂങ്കാവ് പള്ളിയിലെ
ഉണ്ണിയീശോയോടുള്ള
നൊവേന



## ഉണ്ണി ഈശോയോടുള്ള നൊവേന

1. നിത്യപിതാവേ, അങ്ങേ ഏക കുമാരന്റെ മനുഷ്യാവതാര രഹസ്യം ഞങ്ങളുടെയും ലോകമാസകലമുള്ള സകല മനുഷ്യരുടെയും രക്ഷയ്ക്കും അങ്ങേ മഹത്വത്തിനും പുകഴ്ചയ്ക്കുമായി അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവെയ്ക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി...

ആദിയിലേപോലെ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

2. നിത്യപിതാവേ, പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റെയും നസ്രത്തിൽ നിന്നും ബത്‌ലഹേമിലേക്കുള്ള ക്ലേശപൂർണ്ണമായ



പലായനത്തെയും ആ യാത്രയിൽ യാതൊരു അഭയസ്ഥാനവും ലഭിക്കായ്കയാൽ അവർ അനുഭവിച്ച മനോ ദുഖത്തെയും ഞങ്ങളുടെ നിത്യ രക്ഷയ്ക്കും അങ്ങേ മഹത്വത്തിനും പുകഴ്ചയ്ക്കുമായി അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവെയ്ക്കുന്നു.

പിതാവിനും ....................

3. നിത്യപിതാവേ, കീറത്തുണികളാൽ ആവരണം ചെയ്യപ്പെട്ട ദിവ്യഉണ്ണി അനുഭവിച്ച അതി കഠിനമായ തണുപ്പും അതു മൂലമുണ്ടായ കരച്ചിലും ഞങ്ങളുടെ നിത്യരക്ഷയ്ക്കും അങ്ങേ മഹത്വത്തിനും പുകഴ്ചയ്ക്കുമായി അങ്ങേയ്ക്ക് ഞങ്ങൾ കാഴ്ചവെയ്ക്കുന്നു.

പിതാവിനും .................

4. നിത്യപിതാവേ, അങ്ങേ ഏക കുമാരന്റെ ഛേദനാചാരസമയത്ത് ആ ദിവ്യപൈതൽ



അനുഭവിച്ച വേദനയും ക്ഷമാപൂർണ്ണമായ സഹനവും ഞങ്ങളുടെ നിത്യരക്ഷയ്ക്കും അങ്ങേ മഹത്വത്തിനും പുകഴ്ചയ്ക്കുമായി അങ്ങേയ്ക്ക് ഞങ്ങൾ കാഴ്ചവെയ്ക്കുന്നു.

പിതാവിനും .......................

5. നിത്യപിതാവേ, അങ്ങേ തിരുവചനം മനുഷ്യ ശരീരം പൂണ്ടപ്പോൾ ആ ദിവ്യപൈതൽ കാണിച്ച എളിമ, ക്ഷമ, സ്നേഹം, എന്നീ സുകൃതങ്ങൾ ഞങ്ങളുടെ നിത്യരക്ഷയ്ക്കും അങ്ങേ മഹത്വത്തിനും പുകഴ്ചയ്ക്കുമായി അങ്ങേയ്ക്ക് ഞങ്ങൾ കാഴ്ചവെയ്ക്കുന്നു.

പിതാവിനും .......................

വി. വചനം മാംസമായി
ആർ. ഞങ്ങളോടുകൂടെ വസിച്ചു.



http://poomkavuchurch.bplaced.net/?p=624

## (എല്ലാ ആത്മീയ അനുഗ്രഹങ്ങൾക്കും വേണ്ടി)

ഒരു പൈതലിന്റെ / രൂപമെടുത്ത/ സർവ്വശക്തനായ/ ദൈവമെ/ അങ്ങേ/ അതിശയകരമായ/ ദൈവീകവും/ മാനുഷീകവുമായ/ ആകൃതിയെയും/ പ്രതാപത്തെയും/ മഹത്വത്തെയും/ നന്മയെയും /അനുകമ്പയേയും/ ഞങ്ങൾ ധ്യാനിക്കുന്നു. സൂര്യപ്രകാശം/ നല്ല സ്ഥലത്തും / അഴുക്കു നിറഞ്ഞിടത്തും/ കുറവില്ലാതെ/ പ്രകാശിക്കുന്നതുപോലെ/ അങ്ങയുടെ/ മുഖകാന്തി/ നല്ലവരെയും/ പാപികളെയും/ ഒരുപോലെ/ അങ്ങിലേക്ക്/ ആകർഷിക്കുന്നുവെന്ന്/ ഞങ്ങൾ മനസ്സിലാക്കുന്നു./ അങ്ങേ കരുണയുടെ/ കണ്ണുകൾ/ പാപികളായ/ ഞങ്ങളുടെ മേൽ



തിരിച്ച്/ പാപങ്ങളെക്കുറിച്ച്/ ഉത്തമ/ മന:സ്താപമുണ്ടാകുവാൻ/ അനുഗ്രഹിക്കേണമേ/ അവസാന/ വിധിദിവസത്തിൽ/ അങ്ങേ/ ന്യായമായ/ കോപത്തിൽ നിന്ന്/ രക്ഷിച്ച് / തെരഞ്ഞെടുക്കപ്പെട്ടവരുടെ/ ഗണത്തിൽ/ ചേർക്കുവാൻ/ കൃപയുണ്ടാകണമേ/ ഓ! മാധുര്യമുള്ള/ ഉണ്ണി ഈശോയേ/ ഞങ്ങൾ/ അങ്ങയുടെ/ അധരങ്ങളെ/ പുകഴ്ത്തുന്നു./ പിതാവിൽ നിന്നുള്ള /അങ്ങയുടെ/ വാക്കുകൾ കൊണ്ട്/ ഞങ്ങളുടെ പാപങ്ങൾ /മോചിക്കപ്പെടട്ടെ./ അന്ത്യവിധിസമയത്ത്/ ശാപത്തിന്റെ/ ശകാരവർഷം/ ഞങ്ങളുടെ മേൽ/ ഉണ്ടാകാതിരിക്കട്ടെ/ പരുഷമായ/ ഒരുവാക്ക്/ ഉച്ചരിക്കുന്നതിന് മുമ്പ്/ ഞങ്ങളുടെ അധരങ്ങളെ/ ബന്ധിക്കേണമെന്ന് / ഓ



നാഥാ/ അങ്ങയോട്/ ഞങ്ങൾ അപേക്ഷിക്കുന്നു./ അങ്ങയുടെ/ സ്നേഹത്തിൽ/ എന്നും / നിലകൊള്ളുവാൻ/ ഞങ്ങളുടെ നാവിന്/ ശക്തി തരേണമേ./ ഓ! സ്നേഹനിധിയായ/ ഉണ്ണീശോയേ/ ലോകം മുഴുവൻ/ ആശ്ലേഷിക്കുവാൻ/ വെമ്പൽ കൊള്ളുന്ന/ അങ്ങേ/ ഉയർത്തിപ്പിടിച്ച കരങ്ങൾ/ എരിവുള്ള/ വിശ്വാസത്തോടെ / ചുംബിക്കുന്നു/ ആകാശമണ്ഡലത്തെ/ മുഴുവൻ/ പരിപാലിച്ചുകൊണ്ടു വരുന്ന/ അങ്ങേ/ ശക്തമായ കരങ്ങളെ/ ഞങ്ങൾ / ബഹുമാനിക്കുന്നു./ ഞങ്ങളുടെ / ഓരോ ചലനവും/ പ്രവൃത്തിയും/ അങ്ങേ സ്തുതിയും/ വണക്കത്തിനും വേണ്ടി / പരിണമിക്കുവാൻ / അങ്ങേ ഭക്തരെ/ സഹായിക്കേണമേ.

ആമ്മേൻ.



## ((പ്രത്യേക കാര്യസാദ്ധ്യത്തിന്)

ഓ! ഉണ്ണിശോയേ/ ഞങ്ങൾ അങ്ങിൽ/ ആശ്രയിക്കുന്നു./ അങ്ങേ/ പരിശുദ്ധ മാതാവിന്റെ/ മാദ്ധ്യസ്ഥം വഴി/ ഞങ്ങൾ അങ്ങേ/ സഹായം/ പാർത്തിരിക്കുന്നു. / (ആവശ്യം പറയുക). / അങ്ങേ/ ദിവ്യശക്തിയാൽ / ഈ കാര്യം/ സാധിക്കുമെന്നു/ ഞങ്ങൾ ഉറപ്പായി/ വിശ്വസിക്കുന്നു./ മുഴുമനസ്സോടും/ ഹൃദയത്തോടും കൂടി/ അങ്ങയെ/ ഞങ്ങൾ/ സ്നേഹിക്കുന്നു/ ഞങ്ങളുടെ പാപങ്ങളെ കുറിച്ച്/ പൂർണ്ണമായി/ മനസ്തപിക്കുന്നു./ ഓ! നല്ല ഈശോയേ/ പാപ സാഹചര്യങ്ങളെ/ ഉപേക്ഷിക്കുവാൻ/ ശക്തി തരേണമേ./ ഇനി ഒരിക്കലും/ അങ്ങയെ വെറുപ്പിക്കയില്ലെന്നു/ പ്രതിജ്ഞ ചെയ്യുന്നു/ അങ്ങയെ പ്രതി/ എല്ലാം/ ക്ഷമയോടെ/



http://poomkavuchurch.bplaced.net/?p=624

സഹിക്കുവാനും/ അങ്ങനെ/ അങ്ങയോട്/
വിശ്വസ്തത പുലർത്തുവാനും/ ഞങ്ങളാഗ്ര
ഹിക്കുന്നു. / അങ്ങയോടുള്ള/ സ്നേഹത്തെ
പ്രതി/ ഞങ്ങൾ അയൽക്കാരേയും/
സ്നേഹിക്കും/ ഓ! ഈശോയെ/ വീണ്ടും/
അങ്ങയുടെ സഹായം/ കേണപേക്ഷിക്കുന്നു.
(ആവശ്യം അനുസ്മരിക്കുക)/ പരിശുദ്ധ
കന്യകാമറിയത്തോടും/ വിശുദ്ധ
യൗസേപ്പിതാവിനോടും/ മാലാഖമാരോടും/
സകല വിശുദ്ധരോടും ഒന്നു ചേർന്നു/
പിതാവായ/ ദൈവത്തെ/ നിത്യം
സ്തുതിച്ചുകൊണ്ടാടുവാനുള്ള/ അനുഗ്രഹം/
തന്നരുളേണമേ./

ആമ്മേൻ.



**(രോഗശാന്തിക്കായി)**

ഓ! കാരുണ്യവാനായ/ ദിവ്യപൈതലേ/
അങ്ങ് /അത്ഭുതങ്ങൾ/ പ്രവർത്തിച്ചുകൊണ്ട്/
രോഗശമനം /വരുത്തുന്നുവെന്നു/ ഞങ്ങൾ
അറിയുന്നു./ അങ്ങു/ ഈ ലോകത്തിൽ/
ജീവിച്ചിരുന്നപ്പോൾ/ അങ്ങേ/ ദിവ്യ
ശക്തിയാൽ/ അനേകരെ/ സുഖപ്പെടുത്തി
യിട്ടുണ്ടെന്നും/ അങ്ങേ/ അത്ഭുത
ശക്തിയാൽ/ നിരാശാജനകവും/ വേദനാ
പൂർണ്ണവുമായ/ നിരവധി/ രോഗങ്ങൾക്കു/
ശമനം കിട്ടിയിട്ടുണ്ടെന്നും/ ഞങ്ങൾക്കറിയാം./
നിർഭാഗ്യ പാപിക്ക് /അങ്ങേ സഹായം/
അപേക്ഷിക്കുവാൻ/ അർഹതയില്ലെങ്കിലും /
അങ്ങേ/ തിരുബാല്യത്തെ പ്രതി/
പ്രത്യേകിച്ച്/ അത്ഭുതകരമായ/ ഈ
തിരുസ്വരൂപത്തെ പ്രതി/ ഏറ്റം/ നിർഭാഗ്യ/
പാപിക്കുവേണ്ടികൂടി/ അങ്ങു/ കാണിക്കുന്ന/



കാരുണ്യത്തെക്കുറിച്ച്/ ഓർക്കുമ്പോൾ/
പ്രത്യാശാപൂർണ്ണമായ/ ഹൃദയത്തോടെ/
രോഗശാന്തിക്കായി/ അങ്ങേ പക്കൽ/
ഞങ്ങൾ/ വന്നണയുന്നു./
ഓ! മധുര്യമുള്ള/ ഉണ്ണീശോയെ/
സ്വർഗ്ഗീയ ഭിഷഗ്വരനായ/ അങ്ങ്/
അനുഗ്രഹിച്ചാൽ/ ഞങ്ങൾ പ്രത്യാശയോടെ/
പാർത്തിരിക്കുന്ന/ ഈ സഹായം/
ലഭിക്കുമെന്നു/ ഉറപ്പുണ്ട്/ ഈ അപേക്ഷ/
തള്ളിക്കളയാതെ/ അങ്ങേ ശക്തമായ/
തൃക്കരങ്ങൾ നീട്ടി/ ഞങ്ങളുടെ രോഗത്തെ/
മാറ്റിത്തരേണമേ/ എന്നിരുന്നാലും/ അങ്ങേ/
ദീർഘ വീക്ഷണത്തിൽ/ ഈ
അസുഖത്തിൽ/ കുറച്ചുനാൾ കൂടി/
കഴിച്ചുകൂട്ടണമെന്നാണെങ്കിൽ/ ഞങ്ങളുടെ
മനസ്സിനെ/ അങ്ങേ തിരുമനസ്സിന്/
സമർപ്പിക്കുന്നു./ ഈ സുഖക്കേടിൽ/



മരിക്കണമെന്നാണ്/ ദൈവഹിതമെങ്കിൽ/
പാപങ്ങളെക്കുറിച്ച്/ മനസ്താപപ്പെട്ട്/
ദൈവസ്നേഹം/ ഞങ്ങളിലെരിയിച്ച്/ ഈ
രോഗശയ്യയിൽ വെച്ചു/ അങ്ങെ തിരുനാമം/
ഭക്തിപൂർവ്വം/ ഉച്ചരിച്ച നിത്യതയിൽ/
അങ്ങയോട്/ ഒന്നിച്ചു ചേരുവാൻ/ വേണ്ടുന്ന/
അനുഗ്രഹം/ തന്നരുളേണമേ./

ആമ്മേൻ.

**(ലൗകിക ആവശ്യങ്ങൾ സാധിക്കുവാൻ)**

എല്ലാ നന്മകളുടെയും/ ഉറവിടമായ/
ഉണ്ണീശോയേ/ അങ്ങേ/ പിഞ്ചുകരങ്ങളുടെ/
ഔദാര്യം/ എത്ര മഹത്തരമാണ്./
മരുഭൂമിയിൽ/ ഒരു മഹാനദിയെന്നപോലെ/
അങ്ങ്/ മനുഷ്യവർഗ്ഗത്തിന്റെ മേൽ/
അനുഗ്രഹങ്ങൾ വർഷിക്കുന്നു./
അക്കൂട്ടത്തിൽ/ ഞങ്ങളുടെ/ ഈ ശാരീരിക



http://poomkavuchurch.bplaced.net/?p=624

ആവശ്യവും/ സാധിച്ചുതരേണമേ./
ഓ! ഉണ്ണീശോയേ/ അങ്ങയുടെ/
കരങ്ങൾ ഉയർത്തിപ്പിടിച്ച്/ അരക്ഷിതാ
വസ്ഥയിൽ നിന്നും/ കഷ്ടപ്പാടിൽ നിന്നും/
മോചനം ലഭിക്കുവാൻ/ അനുഗ്രഹം
നൽകേണമേ./ ലൗകീക ആവശ്യങ്ങൾ/
അങ്ങയുടെ/ തിരുമനസ്സ്/ നിറവേറ്റുവാൻ
തക്കവണ്ണം/ ഞങ്ങളുടേയും/ അയൽക്കാ
രുടെയും/ നന്മയ്ക്കും/അങ്ങയുടെ
മഹത്വത്തിനും/ ഉപകരിക്കുവാൻ/ വേണ്ടുന്ന
വരപ്രസാദം/ നൽകണമേ./ അങ്ങനെ/
ചിതൽ നശിപ്പിക്കാത്തതും/ ആർക്കും/
മോഷ്ടിക്കുവാൻ /കഴിയാത്തതുമായ നിധി/
സ്വർഗ്ഗത്തിൽ സംഭരിക്കുവാൻ/ ഞങ്ങളെ
പ്രാപ്തരാക്കണമേ. /

ആമ്മേൻ



## (ലഭിച്ച നന്മകൾക്ക് ഉപകാരസ്മരണ)

ഓ! ഉണ്ണീശോയെ/ അങ്ങു/ എന്നിക്കു
നൽകിയ/ എല്ലാ ദാനങ്ങളെയും പ്രതി/
അങ്ങെ/ തിരുസ്വരൂപത്തിൻ മുമ്പിൽ/
മുട്ടുകുത്തി നിൽക്കുന്നു/ അങ്ങ്/ ഞങ്ങളുടെ
ദൈവമാണെന്നും/ കരുണയുടെ വറ്റാത്ത/
ഉറവിടമാണെന്നും/ ഞങ്ങളുടെ സഹായിയും/
സംരക്ഷകനുമാണെന്നും/ ഞങ്ങൾ പാടി
പുകഴ്ത്തും/ പൂർണ്ണ വിശ്വാസവും/
അങ്ങിലർപ്പിക്കുന്നു./ ലോകം മുഴുവനും/
അങ്ങയെ/ അറിയേണ്ടതിനായി/ അങ്ങെ/
അതിശയകരമായ/ തിരുസ്വരൂപം വഴി/
ഞങ്ങൾക്ക് / ലഭിച്ചുകൊണ്ടിരിക്കുന്ന
ദാനങ്ങളെയും/ നന്മകളെയും/ എല്ലായിടത്തും/
ഉച്ചത്തിൽ/ വിളിച്ചറിയിക്കും/ അങ്ങനെ/
എല്ലാവരും/ വിശേഷിച്ച്/ എല്ലാ
ക്രൈസ്തവരും/ അങ്ങിൽ കൂടുതൽ



ഭക്തിയും/ വിശ്വാസവും/ ഉള്ളവരായി
തീരുവാനും/ അങ്ങു നൽകി
കൊണ്ടിരിക്കുന്ന/ ദാനങ്ങൾക്കും/ പ്രതിനന്ദി/
ഉള്ളവരായിതീർന്ന്/ അങ്ങെ/ തിരുനാമം/
എന്നെന്നും/ പ്രകീർത്തിക്കുവാനും/
ഇടവരട്ടെ.

ആമ്മേൻ

## ലിറ്റനി

കർത്താവേ അനുഗ്രഹിക്കണമേ
മിശിഹായേ അനുഗ്രഹിക്കണമേ
കർത്താവേ അനുഗ്രഹിക്കണമേ
മിശിഹായേ ഞങ്ങളുടെ
പ്രാർത്ഥന കേൾക്കേണമേ
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ
(ഞങ്ങളെ അനുഗ്രഹിക്കണമേ)



ലോക രക്ഷകനായ പുത്രൻ തമ്പുരാനേ
പരിശുദ്ധാത്മാവായ ദൈവമേ
ഏക സ്വരൂപമായിരിക്കുന്ന പരിശുദ്ധ
ത്രീത്വമേ ..........
അത്ഭുത പ്രവർത്തകനായ ഉണ്ണീയോടെ
സത്യദൈവവും സത്യമനുഷ്യനുമായ
ഉണ്ണീശോയേ
അത്ഭുത കരമാംവിധം സർവ്വശക്തി
കാണിക്കുന്ന ഉണ്ണീശോയേ
ഞങ്ങളുടെ ഹൃദയങ്ങളെ നേടുകയും
ഭരിക്കുകയും ചെയ്യുന്ന ഉണ്ണീശോയേ
സ്നേഹത്തിന് യോഗ്യനായ ഉണ്ണീശോയേ
ഞങ്ങളുടെ സങ്കേതവും രക്ഷയുമായ
ഉണ്ണീശോയേ
ഞങ്ങളുടെ ഹൃദയത്തിന്റെ പ്രകാശമായ
ഉണ്ണീശോയേ



http://poomkavuchurch.bplaced.net/?p=624

ദരിദ്രരുടെ സ്നേഹിതനായ

ഉണ്ണീശോയേ

ഞങ്ങളെ രക്ഷിക്കുന്നവനായ

ഉണ്ണീശോയേ

എല്ലാ തിന്മകളെയും അകറ്റുന്നവനായ

ഉണ്ണീശോയേ

സകല പാപങ്ങളിൽ നിന്നും

രക്ഷിക്കുന്നവനായ ഉണ്ണീശോയേ

ഞങ്ങളുടെ ഹൃദയത്തിന്റെ ആനന്ദമായ

ഉണ്ണീശോയേ

ലോകത്തെ തൃക്കരങ്ങളിൽ താങ്ങി

ക്കൊണ്ടിരിക്കുന്ന ഉണ്ണീശോയേ

ദിവ്യ സ്നേഹശക്തിയാൽ ഞങ്ങളുടെ

ഹൃദയങ്ങളെ പ്രകാശിപ്പിക്കുന്ന

ഉണ്ണീശോയേ

അത്ഭുതകരങ്ങൾ ഉയർത്തി ഞങ്ങളെ

അനുഗ്രഹിക്കുന്ന ഉണ്ണീശോയേ



മാധുര്യം നിറഞ്ഞ അങ്ങെ തിരുനാമത്താൽ

ഞങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കുന്ന

ഉണ്ണീശോയേ

പ്രതാപത്താൽ ലോകത്തെ നിറയ്ക്കുന്ന

ഉണ്ണീശോയേ

സകല തിന്മകളിൽ നിന്നും .....

(ഞങ്ങളെ രക്ഷിക്കണമേ)

സകല പാപങ്ങളിൽ നിന്നും...

അങ്ങെ പരമസ്നേഹത്തെക്കുറിച്ചുള്ള

സകല അവിശ്വാസത്തിൽ നിന്നും....

അങ്ങെ ശക്തിയേറിയ അത്ഭുതത്തിന്

വിരോധമായ സംശയത്തിൽനിന്നും...

സകല തിന്മകളിലും

അപകടങ്ങളിലും നിന്നും...

അങ്ങെ മാതാവായ പരിശുദ്ധ കന്യകാ

മറിയത്തിന്റെയും വളർത്തു പിതാവായ



യൗസേപ്പിന്റെയും പ്രാർത്ഥനകളാൽ

അങ്ങു ഞങ്ങളോടു ക്ഷമിക്കണമെന്നു

(ഞങ്ങൾ അപേക്ഷിക്കുന്നു

ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ)

ഞങ്ങൾക്കു സാക്ഷത്തായ അനുതാപം

തരേണമെന്നു...

അങ്ങെ ദിവ്യശൈശവത്തോടു ഞങ്ങൾക്കു

സ്നേഹവും ഭക്തിയും വർദ്ധിപ്പിച്ചു

തരേണമെന്നു....

അങ്ങെ അത്ഭുതകരങ്ങൾ ഞങ്ങളിൽ

നിന്നും പിൻവലിക്കരുതെന്നു...

അങ്ങെ അനന്ത നന്മകളാൽ ഞങ്ങളെ

കാത്തുകൊള്ളണമെന്നു....

അങ്ങെ ദിവ്യസ്നേഹത്താൽ ഞങ്ങളെ

കൂടുതലായി ഉജ്ജ്വലിപ്പിക്കണമെന്നു....

അങ്ങിൽ ശരണപ്പെട്ടുകൊണ്ടു അപേക്ഷിക്കുന്ന



സകലരെയും കൃപയോടെ

കേട്ടരുളണമെന്നു...

ഞങ്ങളുടെ രാജ്യത്തെ സമാധാനത്തിൽ

കാത്തുകൊള്ളണമെന്നു...

ഞങ്ങൾക്കുണ്ടാകുന്ന സകല അപകടങ്ങളിൽ

നിന്നും ഞങ്ങളെ രക്ഷിക്കണമെന്നു...

അങ്ങിൽ കരുണയുള്ളവർക്കു നിത്യജീവൻ

നൽകണമെന്നു ....

വിധി ദിവസത്തിൽ ഞങ്ങളുടെ മേൽ

കരുണയുടെ വചനങ്ങൾ ഉച്ചരിക്കണമെന്നും

അങ്ങെ അത്ഭുതസ്വരൂപം ഞങ്ങൾക്കു

സമാശ്വാസമായിരിക്കണമെന്നു ....

ദൈവപുത്രനും മേരീസുതനുമായ

ഈശോയെ

ഞങ്ങളോട് കരുണ കാട്ടണമേ

ലോക പാപങ്ങളെ നീക്കുന്ന ദിവ്യ

ചെമ്മരിയാടായ ഉണ്ണീശോയേ

(3 പ്രാവശ്യം)



http://poomkavuchurch.bplaced.net/?p=624

മിശിഹായേ ഞങ്ങളുടെ പ്രാർത്ഥ
കേൾക്കേണമേ
മിശിഹായേ ഞങ്ങളുടെ പ്രാർത്ഥ
കൈക്കൊള്ളണമേ
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ....

## നമുക്കു പ്രാർത്ഥിക്കാം

ഓ! അത്ഭുത പ്രവർത്തകനായ ഉണ്ണി ഈശോയേ, അസ്വസ്ഥമായിരിക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളെ ദയാപൂർവ്വം തൃക്കൺ പാർക്കണമെന്നു അങ്ങെ തിരുസ്വരൂപത്തിൻ മുമ്പിൽ മുട്ടുകുത്തി നിന്നു ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു. അനുകമ്പ നിറഞ്ഞ അവിടുത്തെ മൃദുലഹൃദയം ഞങ്ങളുടെ പ്രാർത്ഥനകളാൽ തരളിതമായി ഞങ്ങൾ,സാദ്ധ്യപ്പെട്ട് അപേക്ഷിക്കുന്ന ഈ നന്മ ഞങ്ങൾക്ക്



പ്രദാനം ചെയ്യേണമേ.

ദുർഭരമായ എല്ലാ ക്ലേശങ്ങളും നൈരാശ്യങ്ങളും എല്ലാ പരീക്ഷകളും ദൗർഭാഗ്യങ്ങളും ഞങ്ങളിൽ നിന്നും അകറ്റിക്കളയണമേ. അങ്ങെ ദിവ്യ ശൈശവത്തെ പ്രതി ഞങ്ങളുടെ പ്രാർത്ഥന കേട്ട് ഞങ്ങൾക്കു സമാധാനവും സഹായവും നൽകേണമേ. പിതാവിനോടും പരിശുദ്ധാ രൂപിയോടും കൂടി അങ്ങെ ഞങ്ങൾ എന്നെന്നും വാഴ്ത്തി സ്തുതിക്കുമാറാകട്ടെ.

ആമ്മേൻ



http://poomkavuchurch.bplaced.net/?p=624

ഗാനം 1

ഉണ്ണിയേശുനാഥനേ ദേവനേ നമസ്തുതേ
(ഉണ്ണി...)

ആകുലഹാരകാ വാനലോകനായക
(ഉണ്ണി...)

ജ്ഞാനികൾ തേടിടും ജ്ഞാന സൂര്യദേവനേ
(ഉണ്ണി...)

പുഞ്ചിരിപ്പൂ നീളെ സഞ്ചരിപ്പൂ മന്നിൽ
(ഉണ്ണി...)

പിഞ്ചുസോദരങ്ങളെ നിൻപാദേ നീ ചേർക്ക
(ഉണ്ണി...)

ഗാനം 2

1. ഈശോ മാധുര്യമേ - ക്ലേശിതർ ഞങ്ങളെ
അന്വേഷിച്ചീടുവാൻ - വാനം
കൈവെടിഞ്ഞു നീ



(ഈശോ മാധുര്യമേ - വിശ്വസ്ത പാലകാ
നിന്നെ പിൻചെല്ലുവാൻ - എന്നെ
നീ വിളിക്കേണമേ)

2. ഈശോ മാധുര്യമേ - നാശം
നീക്കീടുവാൻ
ക്രൂശിൽ നിൻ ശോണിതം
അശേഷവും നൽകി നീ (ഈശോ)

3. ഈശോ നിൻ ദീപമെ
ആശാപാശാമതാ
ഏശാതെ കാക്കണേ
ലേശവുമെന്നിൽ സദാ (ഈശോ)

4. കാലിക്കൂട്ടിൽ മുദാ- കാലപൂർണ്ണതയിൽ
മാലേറ്റു ജാതനായ്- മാലിന്യവിനാശകാ
(ഈശോ)



http://poomkavuchurch.bplaced.net/?p=624

## ഉണ്ണീയിശോയോടുള്ള നവനാൾ പ്രാർത്ഥനകൾ

പൂങ്കാവിലുള്ള എല്ലാ കുടുംബങ്ങളെയും ഈ ദേവാലയത്തിലേയ്ക്ക് കടന്നു വരുന്ന ഓരോരുത്തരെയും ഉണ്ണീശോയുടെ പാദാന്തികത്തിൽ സമർപ്പിക്കുന്നു.

ഫ്രണ്ട്സ് ഓഫ് ജീസസ്
(സാധുജന സഹായ സംഘടന)
ഔവർ ലേഡി ഓഫ് അസംപ്ഷൻ ചർച്ച്
പൂങ്കാവ്, ആലപ്പുഴ

കടപ്പാട് : സാന്റ്ക്രൂസ് പള്ളി, പെരുമ്പടപ്പ്









http://poomkavuchurch.bplaced.net/?p=624